(ബി&സി) മേൽപ്പറഞ്ഞ പദ്ധതികളൊന്നും തന്നെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) 1. തൊണ്ടയാട്, രാമനാട്ടുകര ഫ്ലൈ ഓവർ നിർമ്മാണം- ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പുതിയതെരു ഫ്ലൈ ഓവർ നിർമ്മാണം

3. മേലെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം

4. താഴെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം

5. നടാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം - ഏകദേശം എസ്റ്റിമേറ്റ് കണ്ണൂർ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.റ്റി.പി. പാതയിലെ വാഹനാപകടം

244(1313) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏനാത്ത് മുതൽ ആയൂർ വരെയുള്ള കെ.എസ്.റ്റി.പി പാതയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഏനാത്ത് മുതൽ ആയൂർ വരെയുള്ള ഭാഗം കഴക്കൂട്ടം-അടൂർ കെ.എസ്.ടി.പി. പാതയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന മോഡൽ സേഫ്റ്റി കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആയത് നടപ്പിലാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ തലത്തിലുള്ള നടപടികളും കോർത്തിണക്കിക്കൊണ്ടുള്ള പദ്ധതിയാണ് മോഡൽ സേഫ്റ്റി കോറിഡോർ. ഈ പദ്ധതി നടപ്പിലാകുന്നതോടെ വാഹന അപകടങ്ങൾ കഴിയുന്നതും കുറയ്ക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

നഗര റോഡ് വികസന പദ്ധതികൾ

245(1314) ശ്രീ. പി. എ. മാധവൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly